രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

85 [86] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) രാഷ്ട്രീയകൊലപാതകങ്ങളിൽ മരണപ്പെട്ടവരുടെ കക്ഷിബന്ധം വെളിപ്പെടുത്തുമോ;

(സി) രാഷ്ടീയകൊലപാതകങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനു ള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് 32 രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) മരണപ്പെട്ടവരുടെ കക്ഷിബന്ധം താഴെ ചേർക്കുന്നു:

ഐ. എൻ. റ്റി. യു. സി.	..	2
എസ്. എഫ്. ഐ.	..	1
ഐ. യു. എം. എൽ.	..	3
ബി. ജെ. പി.	..	8
സി. പി. ഐ. (എം.)	..	7
കോൺഗ്രസ്സ് (ഐ.)	..	2
ആർ. എസ്. എസ്.	..	4
ജനതാദൾ	..	1
ഡി. വൈ. എഫ്. ഐ.	..	1
തീരസംഘ്	..	2
സി. എം. പി.	..	1

(സി) 29 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സി. ബി. സി. ഐ. ഡി. ക്രൈം. 423/സി. ആർ. കണ്ണൂർ (ബേഡകം പി. എസ്. ക്രൈം 53/02), ആർത്തുങ്കൽ പി. എസ്. ക്രൈം 30/02, മുഹമ്മ പി. എസ്. 72/03, ഹോസ്ദുർഗ് പി. എസ്. ക്രൈം 305/03, കടയ്ക്കൽ പി. എസ്. ക്രൈം 254/03, ചിറ്റൂർ പി. എസ്. ക്രൈം 221/03, ചാലക്കുടി പി. എസ്. ക്രൈം 497/03 എന്നീ കേസുകളിലെ പ്രതികളെയാണ് അറസ്റ്റ് ചെയ്യാനുള്ളത്.

രജിസ്റ്റർ ചെയ്ത കൊലപാതക കേസുകൾ

86 [87] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) എത്ര കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1194 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 1121 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 635 കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ഡി) 120 കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്.

കസ്റ്റഡി മരണം

87 [88] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിലും ജയിലിലുമായി എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് കസ്റ്റഡിയിലെ മരണത്തിനുത്തരവാദികളായ പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏതെങ്കിലും കേസിൽ കസ്റ്റഡി മരണത്തിനുത്തരവാദികളായ പോലീസുകാരെ ശിക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly